**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1791** **08-02-2023 - ൽ മറുപടിയ്ക്ക്**

**മിഠായി ക്ലിനിക് വഴി സി.ജി.എം.എസ്. വിതരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. നജീബ് കാന്തപുരം | | ഡോ. ആർ ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | ജുവനൈൽ പ്രമേഹ ബാധിതരായ കുട്ടികൾക്ക് മിഠായി ക്ലിനിക് വഴി വിതരണം ചെയ്തിരുന്ന സി.ജി.എം.എസ്.( കണ്ടിന്യുവസ് ഗ്ലൂക്കോസ് മോണിറ്ററിംഗ് സിസ്റ്റം) വിതരണം മുടങ്ങിയിട്ടുണ്ടോ; വ്യക്തമാക്കാമോ; | (എ) | കോവിഡ് വ്യാപിച്ചിരുന്ന പശ്ചാത്തലത്തിൽ മിഠായി ക്ലിനിക്കുകൾ പ്രവർത്തന സജ്ജമായിരുന്നില്ല, ചികിത്സക്കായുള്ള മരുന്നുകൾ വീട്ടുകളിൽ എത്തിച്ചു നൽകുകയായിരുന്നു. എന്നാൽ സി ജി എം എസ് ഒരു ഡോക്ടർ/നഴ്സ് എന്നിവരുടെ സാനിധ്യത്തിലാണ് നൽകേണ്ടത് എന്നുള്ളതിനാൽ ആയതു നൽകുവാൻ സാധിച്ചിരുന്നില്ല. മിഠായി പദ്ധതിയിൽ ലഭ്യമാകുന്ന മരുന്നും മറ്റു ചികിത്സാ ഉപകരണങ്ങളും കെ എം എസ് സി എൽ മുഖേനയാണ് വാങ്ങി വരുന്നത്. പ്രസ്തുത കാലയളവിൽ ആവശ്യമായ സി ജി എം എസിനുള്ള സപ്ലൈ ഓർഡറും കെ എം എസ് സി എൽ -നു നൽകിയിരുന്നതുമാണ്. എന്നാൽ കെ എം എസ് സി എൽ - ൽ സി ജി എം എസിന്റെ ടെണ്ടർ കാലാവധി അവസാനിച്ചിരുന്നതായും ആയതു പുനർ ക്രമീകരിക്കുന്നതിന്റെ ഭാഗമായും സി ജി എം എസ് ലഭ്യമാക്കിയിരുന്നില്ല. എന്നാൽ കെ എം എസ് സി എൽ ഇത് പുനർ ക്രമീകരിക്കുകയും തുടർന്ന് പുതിയ സപ്ലൈ ഓർഡർ നൽകുകയും ആയതിന്റെ മുഴുവൻ തുകയും അഡ്വാൻസ് ഇനത്തിൽ കെ എം എസ് സി എൽ - നു നൽകിയിട്ടുമുണ്ട്. നിലവിൽ എല്ലാ മിഠായി ക്ലിനിക്കുകൾ മുഖേനയും സി ജി എം എസ് ലഭ്യമാക്കുന്നതിന് അടിയന്തിര നടപടി സ്വീകരിച്ചു വരുന്നു. |
| (ബി) | കഴിഞ്ഞ ഒന്നര വർഷമായിട്ട് സി.ജി.എം.എസ്. വിതരണം മുടങ്ങിയെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | കോവിഡ് വ്യാപിച്ചിരുന്ന പശ്ചാത്തലത്തിൽ മിഠായി ക്ലിനിക്കുകൾ പ്രവർത്തന സജ്ജമായിരുന്നില്ല, ചികിത്സക്കായുള്ള മരുന്നുകൾ വീട്ടുകളിൽ എത്തിച്ചു നൽകുകയായിരുന്നു. എന്നാൽ സി ജി എം എസ് ഒരു ഡോക്ടർ/നഴ്സ് എന്നിവരുടെ സാനിധ്യത്തിലാണ് നൽകേണ്ടത് എന്നുള്ളതിനാൽ ആയതു നൽകുവാൻ സാധിച്ചിരുന്നില്ല. മിഠായി പദ്ധതിയിൽ ലഭ്യമാകുന്ന മരുന്നും മറ്റു ചികിത്സാ ഉപകരണങ്ങളും കെ എം എസ് സി എൽ മുഖേനയാണ് വാങ്ങി വരുന്നത്. പ്രസ്തുത കാലയളവിൽ ആവശ്യമായ സി ജി എം |

| | | | |
|---|---|---|---|
| | | | എസിനുള്ള സപ്ലൈ ഓർഡറും കെ എം എസ് സി എൽ -നു നൽകിയിരുന്നതുമാണ്. എന്നാൽ കെ എം എസ് സി എൽ - ൽ സി ജി എം എസിന്റെ ടെണ്ടർ കാലാവധി അവസാനിച്ചിരുന്നതായും ആയതു പുനർ ക്രമീകരിക്കുന്നതിന്റെ ഭാഗമായും സി ജി എം എസ് ലഭ്യമാക്കിയിരുന്നില്ല. എന്നാൽ കെ എം എസ് സി എൽ ഇത് പുനർ ക്രമീകരിക്കുകയും തുടർന്ന് പുതിയ സപ്ലൈ ഓർഡർ നൽകുകയും ആയതിന്റെ മുഴുവൻ തുകയും അഡ്വാൻസ് ഇനത്തിൽ കെ എം എസ് സി എൽ - നു നൽകിയിട്ടുമുണ്ട്. നിലവിൽ എല്ലാ മിഠായി ക്ലിനിക്കുകൾ മുഖേനയും സി ജി എം എസ് ലഭ്യമാക്കുന്നതിന് അടിയന്തിര നടപടി സ്വീകരിച്ചു വരുന്നു. |
| (സി) | സി.ജി.എം.എസ്. വിതരണം പുനരാരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ? | (സി) | സി ജി എം എസ് വിതരണം ചെയ്യുന്നതിനായി കെ എം എസ് സി എൽ - നു സപ്ലൈ ഓർഡർ നൽകിയിട്ടുണ്ട്. ആയതു പ്രകാരം ഉടൻ തന്നെ മിഠായി ക്ലിനിക്കുകളിൽ സി ജി എം എസ് എത്തുകയും ആയതു ഗുണഭോക്താക്കൾക്ക് വിതരണ സജ്ജമാകുന്നതുമാണ് . |

സെക്ഷൻ ഓഫീസർ